# പതിമൂന്നാം കേരള നിയമസഭ

## എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : **19** — 18.03.2013-ൽ മറുപടിക്ക്

## <u>സേവനാവകാശം</u>

| ചോദ്യം | മറുപടി |
| --- | --- |
| **ശ്രീ. കെ. രാധാകൃഷ്ണൻ** | **ശ്രീ. ഉമ്മൻചാണ്ടി<br>മുഖ്യമന്ത്രി** |
| (എ) സംസ്ഥാനത്ത് ഏതെല്ലാം വകുപ്പുകളിലാണ് സേവനാവകാശം നടപ്പിലാക്കുവാൻ തീരുമാനിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ; | (എ) കേരള സംസ്ഥാന സേവനാവകാശ നിയമം 3-ാം വകുപ്പ് പ്രകാരം തത്സമയം പ്രാബല്യത്തിലുള്ള മറ്റേതെങ്കിലും നിയമത്തിൽ മറ്റു വിധത്തിൽ വ്യവസ്ഥ ചെയ്തവയൊഴികെ, ഈ ആക്ടിന്റെ പ്രാരംഭം മുതൽ ആറു മാസത്തിനകം, ഓരോ സർക്കാർ വകുപ്പും, ഓരോ വകുപ്പുമേധാവിയും, ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനവും, ഓരോ നിയമാധിഷ്ഠിത നികായവും, അവ ഓരോന്നും നൽകുന്നതായ സേവനങ്ങൾ, നിയുക്ത ഉദ്യോഗസ്ഥൻ, ഒന്നാം അപ്പീൽ അധികാരി, രണ്ടാം അപ്പീൽ അധികാരി, നിശ്ചിത സമയപരിധി എന്നിവ, ഈ ആക്ടിന്റെ ആവശ്യങ്ങൾക്കായി ഗസറ്റിൽ വിജ്ഞാപനം ചെയ്യേണ്ടതാണ്. |
| (ബി) സേവനാവകാശം നടപ്പിലാക്കുന്നതിന് മുമ്പ് ഈ വകുപ്പുകളിൽ നിന്നും പൊതുജനത്തിന് അർഹതപ്പെട്ട സേവനങ്ങൾ ലഭ്യമാക്കുന്നതിനുള്ള അടിസ്ഥാന സൗകര്യങ്ങൾ ഉറപ്പ് | ബി) (സി) & (ഡി) പ്രസ്തുത നിയമം നടപ്പിലാക്കുമ്പോൾ കൂടുതൽ ജോലിഭാരമൊന്നും പുതുതായി ഉണ്ടാകുമെന്ന് കരുതുന്നില്ല. ഈ നിയമം നടപ്പാക്കുന്നത് |

വരുത്തിയിട്ടുണ്ടോ;

(സി) എങ്കിൽ അതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ ;

(ഡി) സേവനാവകാശം നടപ്പിലാക്കുന്ന വകുപ്പുകളിലും ഭാവിയിൽ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്ന വകുപ്പുകളിലും പൊതുജനങ്ങൾക്ക് സമയബന്ധിതമായി നിശ്ചിത സേവനം ലഭ്യമാക്കുന്നതിനുള്ള അടിസ്ഥാന സൗകര്യങ്ങൾ ഉറപ്പുവരുത്തുമോ ?

സംബന്ധിച്ച് യാതൊരു ബുദ്ധിമുട്ടും ഇപ്പോൾ ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

സെക്ഷൻ ഓഫീസർ